പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സർച്ചാർജ് തുക

708 [714] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കെ. ബാവ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, നാലകത്ത് സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറുമ്പോൾ രജിസ്റ്ററർ കച്ചേരിയിൽ ഈടാക്കുന്ന സർച്ചാർജ്ജിന്റെ എത്ര ശതമാനമാണ് പഞ്ചായത്തുകൾക്ക് (നൽകുന്നത്) ലഭിക്കുന്നത്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തുക പഞ്ചായത്തുകൾക്ക് നൽകി;

(സി) അതിൽ എത്ര തുകയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേകാവശ്യങ്ങൾക്കായി അനുവദിച്ചത്;

(ഡി) ഈ സഹായം കിട്ടിയ പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പേരും അവയ്ക്ക് ഓരോന്നിനും ലഭിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 97%

(ബി) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് 34.98 കോടി രൂപ നൽകിയിട്ടുണ്ട്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

കൂട്ട ഓട്ടം

709 [715] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഫ്രിക്കൻ നാടുകളിൽ ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് ജില്ലാ തലസ്ഥാനങ്ങളിൽ നടത്തിയ കൂട്ട ഓട്ടത്തിൽ എത്രപേർ പങ്കെടുത്തു;

(ബി) ഇതിൽ നിന്നും എന്തു തുക കിട്ടി;

(സി) എത്ര സംഖ്യ ആഫ്രിക്കൻ നാടുകളിലേക്കയച്ചുകൊടുത്തു?

ഉത്തരം

(എ) ജില്ലതിരിച്ചുള്ള ഏകദേശ കണക്ക് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	3000
കൊല്ലം	2000
ആലപ്പുഴ	1500
കോട്ടയം	600
പത്തനംതിട്ട	500
എറണാകുളം	4000

LIBRARY ARCHIVES Kerala Legislative Assembly